**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രയ പദ്ധതി - പുതിയ ഗുണഭോക്താക്കളെ ആശ്രയപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും ആശ്രയ ഫണ്ട് വിനിയോഗം സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം. എസ്)നം.259/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 19/10/2011.**

---

പരാമർശം:- 1. 17/03/2004 ലെ സ.ഉ. (സാധാ) നമ്പർ 1035/2004/തസ്വഭവ
2. 18/01/2005 ലെ സ.ഉ. (സാധാ) നമ്പർ 218/2005/തസ്വഭവ
3. 11/02/2008 ലെ സ.ഉ. (സാധാ) നമ്പർ 449/2008/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27/07/2011 ലെ കെ. എസ്./എൽ/2346/09 നമ്പർ കത്ത്

**ഉത്തരവ്**

സമൂഹത്തിലെ നിരാശ്രയരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയായ ആശ്രയ പദ്ധതി 2002-03 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നു. ആശ്രയ പദ്ധതിയിൻ കീഴിൽ പുതുതായി അംഗത്വം നൽകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. നിലവിലുള്ള മാനദണ്ഡപ്രകാരം പദ്ധതിയിൽ ചേരുവാൻ അർഹതയുള്ളവരെ, അർഹത തിട്ടപ്പെടുത്തി ടി പദ്ധതിയിൽ ചേരാൻ അനുവദിക്കേണ്ടതുണ്ട്. കൂടാതെ പല പഞ്ചായത്തുകളും ലഭിക്കുന്ന ഫണ്ടു വിനിയോഗിക്കുവാൻ താല്പര്യം കാണിക്കുന്നില്ല. ഇതും പദ്ധതി നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ ആശ്രയ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ആശ്രയ പദ്ധതിയിൽ ചേരുവാൻ അർഹതയുള്ളവരുടെ അർഹത തിട്ടപ്പെടുത്തി പദ്ധതിയിൽ ചേരാൻ അനുവദിക്കേണ്ടതാണ്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരത്തേ നൽകിയ ഫണ്ടിന്റെ ഇൻഫ്രാസ്ട്രക്ചറല്ലാത്ത ഘടകങ്ങൾക്കു വേണ്ടി നൽകിയ ഫണ്ടിന്റെ 75% ഫണ്ട് ഉപയോഗിച്ച ശേഷം മാത്രമേ പുതിയ ഫണ്ട് നൽകുകയുള്ളൂ.

3. ഫണ്ടിനു കുറവ് നേരിടുന്ന പക്ഷം ഇൻഫ്രാസ്ട്രക്ചർ ഘടകത്തിന്റെ ഫണ്ട് ഉപയോഗിക്കാവുന്നതും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടി തുക തിരികെ നൽകാവുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
വി.എസ്സ്. സുരേഷ് കുമാർ,
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ നഗരസഭാ ചെയർമാൻ/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പാങ്ങപ്പാറ പി.ഒ., തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ